പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 844

08.03.2012-ൽ
മറുപടിയ്ക്കു്

ശബരിമല മാസ്റ്റർ പ്ലാൻ

ചോദ്യം
ശ്രീ. പി. എ. മാധവൻ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | നടപ്പുവർഷത്തെ ശബരിമല സീസണിൽ ഭക്തരുടെ എണ്ണത്തിലും വരുമാനത്തിലും പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) | ഇക്കഴിഞ്ഞ ശബരിമല സീസണിൽ തീർത്ഥാടകരുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് കുറവ് വന്നതായി അനുഭവപ്പെട്ടിട്ടില്ല. എങ്കിലും സാധാരണ നിലയിൽ ഉണ്ടാകാറുള്ള 15% വർദ്ധനവ് ഈ തീർത്ഥാടന കാലയളവിൽ ഉണ്ടായിട്ടില്ല. എന്നാൽ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | ആനുപാതികമായ വർദ്ധനവ് രേഖപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | കഴിഞ്ഞവർഷം ഉണ്ടായ പുല്ലുമേട് ദുരന്തത്തെ തുടർന്ന് ഭക്തജനങ്ങൾക്ക് ഉണ്ടായ ഭീതിയും, മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ ഉണ്ടായിട്ടുള്ള തെറ്റായ പ്രചാരണങ്ങളും തമിഴ്നാട്ടിൽ നിന്നുള്ള ഒരു വിഭാഗം അയ്യപ്പൻമാരെ പിൻതിരിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്. |
| (സി) | അടുത്ത സീസണിനു മുൻപായി ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (സി) | ശബരിമല മാസ്റ്റർപ്ലാനിൻെറ ഭാഗമായി താഴെ പറയുന്ന പ്രവർത്തികൾ മുൻഗണനാടിസ്ഥാനത്തിൽ അടുത്ത സീസണു മുൻപായി നടപ്പിലാക്കുവാൻ ഹൈപവർ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.<br><br>1) സന്നിധാനം നടപ്പന്തലിൻെറ രണ്ടാം നില നിർമ്മാണം 27 കോടി രൂപ ചെലവിൽ സ്പോൺസർഷിപ്പോടുകൂടി നിർമ്മിക്കും. 40000 ഭക്തജനങ്ങൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കും. അടുത്ത സീസണു മുമ്പുതന്നെ ഇത് പ്രാവർത്തികമാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br><br>2) സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറും പമ്പയിലെ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറും മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ടെൻഡർ വിളിച്ച് പണികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

3) പമ്പ മുതൽ മരക്കൂട്ടം വരെ നിശ്ചിത ഭാഗങ്ങളിൽ നടപ്പന്തൽ അടുത്ത സീസണു മുൻപ് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കും.

4) ശബരി പീഠം, ശരംകുത്തി എന്നിവിടങ്ങളിലെ ക്യൂ കോംപ്ലക്സുകളുടെ ബാക്കിയുള്ള പണികൾ ഏപ്രിൽ മാസത്തിനു മുൻപ് തീർക്കും.

5) 12 കോടി രൂപ ചെലവിൽ സ്പോൺസർഷിപ്പോടെ അരവണ, അപ്പം പ്ലാൻറ് പോലീസ് ബാരക്കിന് സമീപത്ത് സ്ഥാപിക്കും.

6) 5 കോടി രൂപ ചെലവിൽ സ്പോൺസർഷിപ്പോടെ കുന്നാർ ഡാമിൻെറ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | ശബരിമലയിലേക്കുള്ള അനുബന്ധറോഡുകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | 74 കിലോമീറ്റർ റോഡ് ഹെവി മെയിൻറനൻസ് നടത്തുന്നതിനും റബ്ബറൈസ്ഡ് ആക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ